ധനകാര്യ വകുപ്പിലെ ട്രാൻസ്ഫർ

139 (1731) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു സാമ്പത്തിക വർഷം ധനകാര്യവകുപ്പിലെ അസിസ്റ്റന്റ് തസ്തികയിലേക്ക് പി.എസ്.സി. ലോക്കൽ ഫണ്ട് ഓഡിറ്റ്, എജീസ് ഓഫീസ്, വിജിലൻസ് ട്രൈബ്യൂണൽ എന്നിവയിലെ സമാനതസ്തികയിലെ ഉദ്യോഗസ്ഥരിൽ നിന്ന് മ്യൂചൽ ട്രാൻസ്ഫറിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര എണ്ണം ലഭിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ആരിൽനിന്നെല്ലാമാണ് ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത തീർപ്പാക്കൽ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(എഫ്) ഇനി എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട് ;

(ജി) അവയേതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(എച്ച്) ഈ അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഐ) ഈ അപേക്ഷകൾ എന്നത്തേയ്ക്ക് തീർപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂന്ന് അപേക്ഷകൾ ലഭിച്ചു.

(സി) ധനകാര്യ വകുപ്പിലെ അസിസ്റ്റന്റായ ശ്രീ. പി. അരുൺകുമാറും കെ.പി.എസ്.സി.യിലെ അസിസ്റ്റന്റായ ശ്രീ. ജെ. അഗസ്റ്റിനും തമ്മിലുള്ള മ്യൂചൽ ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫറിനുവേണ്ടിയുള്ള അപേക്ഷയും ധനകാര്യ വകുപ്പിലെ മറ്റൊരു അസിസ്റ്റന്റായ ശ്രീമതി എ. അജിതയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ആഡിറ്ററായ ശ്രീമതി വി. വീണയും തമ്മിലുള്ള മ്യൂചൽ ഇന്റർഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫറിനുവേണ്ടിയുള്ള അപേക്ഷയും ധനകാര്യവകുപ്പിൽ ലഭിച്ചിരുന്നു. ശ്രീ. അഗസ്റ്റിനുമായുള്ള മ്യൂചൽ ട്രാൻസ്ഫർ നിരസിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി. അരുൺകുമാർ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ആഡിറ്ററായ ശ്രീ. എസ്. സജിലാലുമായി വീണ്ടും മ്യൂചൽ ട്രാൻസ്ഫറിനുവേണ്ടി നൽകിയ അപേക്ഷയും ഈ വകുപ്പിൽ ലഭിച്ചിട്ടുണ്ട്.

(ഡി) മ്യൂചൽ ഇന്റർഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ അനുവദിക്കേണ്ടതില്ല എന്ന തീരുമാനത്തിൽ മൂന്ന് അപേക്ഷകളും പരിഗണിക്കുകയുണ്ടായില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത അപേക്ഷകൾ പരിഗണിക്കേണ്ടതില്ലെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഫയലുകൾ ക്ലോസ് ചെയ്യുന്നതിന് തീരുമാനിക്കുകയുണ്ടായി. അവയിൽ ശ്രീ. അരുൺകുമാറിന്റെയും ശ്രീ. സജിലാലിന്റെയും അപേക്ഷ നിരസിച്ച് വകുപ്പുതലവന് നൽകിയ കത്തിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.* മറ്റു രണ്ട് അപേക്ഷകളിലും മറുപടി നൽകിയിട്ടില്ല.

(എഫ്&ഐ) നിലവിൽ അപേക്ഷകളൊന്നുംതന്നെ തീർപ്പാക്കാനില്ല.

പ്രോവിഡന്റ് ഫണ്ട് വഴിയുള്ള വരുമാനം

140 (1732) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രോവിഡന്റ് ഫണ്ട് ഇനത്തിൽ സംസ്ഥാന സർക്കാരിന് പ്രതിവർഷം എത്ര രൂപയുടെ വരുമാനം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര രൂപ ചെലവ് വരുമെന്ന് വെളിപ്പെടുത്തുമോ ;

(സി) 2005 മുതൽ ഇതു വഴി ലഭ്യമായ തുകയുടെ കണക്ക് ലഭ്യമാക്കുമോ ;

(ഡി) നടപ്പുവർഷം ഈ ഇനത്തിൽ എത്ര രൂപയാണ് സംസ്ഥാന സർക്കാർ വരുമാനമായി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രോവിഡന്റ് ഫണ്ട് ഇനത്തിൽ ഒടുക്കുന്ന തുക സർക്കാരിന്റെ വരുമാനമല്ല. ഇത് ജീവനക്കാരുടെ നിയമാനുസൃതമായ നിർബന്ധിത നിക്ഷേപമാണ്. അക്കൗണ്ടന്റ് ജനറൽ വർഷാവർഷം പുറപ്പെടുവിക്കുന്ന ഫിനാൻസ് അക്കൗണ്ട്സ് പ്രകാരം 2005-2006-ൽ 15,95,75,11,000 രൂപയും 2006-2007-ൽ 20,58,83,03,000 രൂപയും 2007-2008-ൽ 28,21,65,95,000 രൂപയും 2008-2009-ൽ 30,82,01,46,000 രൂപയും സംസ്ഥാന സർക്കാരിന് പ്രോവിഡന്റ് ഫണ്ട് ഇനത്തിൽ നിക്ഷേപമുണ്ട്. 2009-2010 വർഷത്തെ കണക്കുകൾ പൂർത്തീകരിച്ചിട്ടില്ല.

(ബി) പ്രോവിഡന്റ് ഫണ്ടിൽ നിന്നുള്ള വിതരണത്തെ ചെലവായി കരുതാനാവില്ല. നിക്ഷേപത്തിൽ നിന്നുള്ള നിയമാനുസൃതമായ പിൻവലിക്കലാണ്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2005-2006-ൽ 9,88,85,46,000 രൂപയും

2006-2007-ൽ 13,85,45,20,000 രൂപയും

2007-2008-ൽ 16,95,17,26,000 രൂപയും

2008-2009-ൽ 18,48,70,19,000 രൂപയും

പ്രോവിഡന്റ് ഫണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly